**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3055** **10-03-2017 ൽ മറുപടിക്ക്**

**നെടുമങ്ങാട് താലൂക്കിൽ പുറമ്പോക്ക് ഭൂമി കയ്യേറാൻ ശ്രമം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.സ്വരാജ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | നെടുമങ്ങാട് താലൂക്കിൽ അരുവിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 41 ൽ സർവ്വേ നം.137/4, 137/5, 137/32, 137/35 എന്നിവയിൽപ്പെട്ട സർക്കാരിന്റെ മൂന്നേക്കർ പുറമ്പോക്ക് ഭൂമി കയ്യേറാൻ ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിലവിൽ ഈ ഭൂമിയിൽ കയ്യേറ്റമില്ല |
| (ബി) | ടി ഭൂമി സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; | (ബി) | ടി ഭൂമി താലൂക്ക് സർവെയർ മുഖാന്തിരം സർവ്വെ നടത്തി അതിർത്തി നിർണ്ണയിച്ചിട്ടുണ്ട്. ഭൂമി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് ആരെങ്കിലും കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | (സി) | ഉണ്ട്. ഇത് സംബന്ധിച്ച് ജി.വി.രാജ സ്കൂളിന് സമീപം താമസിക്കുന്ന നാട്ടുകാർ 13/07/2016 ന് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിന്റെയടിസ്ഥാനത്തിൽ വില്ലേജാഫീസർ, താലൂക്ക് സർവ്വെയർ എന്നിവർക്ക് കയ്യേറ്റം ഉണ്ടെങ്കിൽ അടിയന്തിരമായി ഒഴിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും 2016 ൽ തന്നെ കയ്യേറ്റകാരെ ഒഴിപ്പിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ